4. കയറിനും കയറുൽപ്പന്നങ്ങൾക്കും പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് എന്ന പുതിയ പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ആണ്.

5. ആലപ്പുഴ കയർ വ്യവസായത്തിന്റെ പശ്ചാത്തല വികസനത്തിനായി സംസ്ഥാന സർക്കാരും കയർ ബോർഡും ചേർന്ന് ആലപ്പുഴ കയർ ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കാൻ 58.6 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ച് 14.2 കോടി രൂപ 2004-05 സാമ്പത്തിക വർഷം ലഭ്യമാക്കിയിട്ടുണ്ട്. തൊണ്ടിൽ നിന്ന് ചകിരി വേർതിരിക്കൽ പ്ലാന്റ്, കയറുൽപ്പാദന യൂണിറ്റുകൾ, കയർ മാറ്റിംഗ് യൂണിറ്റുകൾ, കയർ ടൂവസ്ത്ര വികസനം, കയർ പിത്ത് സംസ്കരണ യൂണിറ്റുകൾ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ, മലിനീകരണ സംസ്ക്കരണ പ്ലാന്റ് തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6. ഡീഫൈബറിംഗ് മില്ലുകളിൽ ചകിരിച്ചോറ് കുന്നുകൂടി ഉണ്ടാകുന്ന പരിസ്ഥിതി മലിനീകരണം ഒഴിവാക്കുന്നതിനായി പിത്ത് പ്രോസസിംഗ് യൂണിറ്റുകൾ തുടങ്ങുന്നതിനായി 30% സ്പെഷ്യൽ നിക്ഷേപ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

7. ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സഹകരണ മേഖലയിൽ യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 50%. പരമാവധി 10 ലക്ഷം രൂപവരെ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

8. പീഡിതവും നിഷ്ക്രിയവുമായ കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകി വരുന്നു.

(ഡി) ലഭിക്കുന്നുണ്ട്. കയറിനും കയർ ഉൽപ്പന്നങ്ങൾക്കും പുതിയ വിപണികൾ കണ്ടെത്തുന്നതിനും വിപണനത്തിന് പ്രൊഫഷണൽ രീതി അവലംബിക്കുന്നതിനുമായി മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് (50% കേന്ദ്ര വിഹിത പദ്ധതി) കയർ ബോർഡു വഴി കേരളത്തിന് ലഭിക്കുന്നുണ്ട്. വിദേശങ്ങളിൽ ലഭിക്കുന്ന വ്യാപാര മേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്നതിനും മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് ലഭിക്കും. ഇൻഡസ്ട്രിയൽ ഇൻഫ്രാ സ്ട്രക്ച്ചർ അപ്ഗ്രഡേഷൻ അനുസരിച്ച് നടപ്പാക്കുന്ന ആലപ്പുഴ കയർ ക്ലസ്റ്റർ പദ്ധതി കയറുൽപ്പന്നങ്ങളുടെ കയറ്റുമതിക്ക് അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കാൻ സഹായിക്കും.

കയർ കയറ്റുമതിക്കാരിൽ നിന്നും ക്ഷേമനിധി വിഹിതം ഈടാക്കുന്നതിന് നടപടി

147 [2137] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കയറ്റുമതിക്കാർ ക്ഷേമനിധിയിലേയ്ക്ക് വിഹിതം അടയ്ക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിഹിതം അടപ്പിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വിഹിതം അടപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് തീരുമാനം എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ബന്ധപ്പെട്ട നിയമം ദേഗതി ചെയ്യുന്ന കാര്യവും പരിഗണനയിലുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. അടിയന്തിരപ്രമേയം

മാനന്തവാടി താലൂക്കിൽ ആദിവാസി പട്ടിണിമൂലം മരണപ്പെട്ടു എന്നത് സംബന്ധിച്ച്

മി. സ്പീക്കർ: വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പഞ്ചാരക്കൊല്ലി പ്രിയദർശിനി ട്രൈബൽ എസ്റ്റേറ്റ് തൊഴിലാളിയായ ഒരു ആദിവാസി പട്ടിണിമൂലം മരണപ്പെടുകയും ആദിവാസികൾക്ക് ജോലി നൽകാൻ ആരംഭിച്ച പ്രിയദർശിനി ട്രൈബൽ എസ്റ്റേറ്റിൽ ഏഴു മാസമായി ജോലിയും കൂലിയുമില്ലാതാകുകയും ആദിവാസികളായ തൊഴിലാളികൾ പട്ടിണിയിലും കടുത്ത ദാരിദ്ര്യത്തിലുമായി കഴിയുകയും ചെയ്യുന്നു എന്നും അത്യന്തം ഗുരുതരമായ ഈ സ്ഥിതിവിശേഷം സത്വരനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എം. വി. ജയരാജൻ, കെ. പി. രാജേന്ദ്രൻ, പി. സി. ജോർജ്ജ്, എ. എം. അസീസ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, സി. കെ. നാണു, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ 9.30 A.M.] റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, വയനാട് മാനന്തവാടി താലൂക്കിൽ പഞ്ചാരക്കൊല്ലി പ്രിയദർശിനി ട്രൈബൽ ടീ എസ്റ്റേറ്റ് ജില്ലാ കളക്ടർ ചെയർമാനും ആർ. ഡി. ഒ. മാനേജിംഗ് ഡയറക്ടറുമായിട്ടുള്ള ഒരു സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ സൊസൈറ്റിയിൽ 273 സ്ത്രീകളും 250 പുരുഷൻമാരുമാണ് തൊളിലാളികളായിട്ടുള്ളത്. മുഴുവൻ തൊഴിലാളികളും എസ്. സി./എസ്. ടി. വിഭാഗങ്ങളിൽപ്പെട്ടവരാണ്. എസ്റ്റേറ്റിലെ വരുമാനം കുറവായതിനാൽ കഴിഞ്ഞ ഏഴു മാസമായി മുഴുവൻ തൊഴിലാളികൾക്കും നിശ്ചിത കൂലി കൊടുക്കാൻ സാധിക്കാതെ വന്നു. ആദ്യം ഓരോ തൊഴിലാളിക്കും ആഴ്ചയിൽ 150 രൂപ വച്ച് കൊടുത്തു. പിന്നീട് അത് 100 രൂപയായിട്ട് കുറഞ്ഞു. കഴിഞ്ഞ കുറച്ചു ദിവസങ്ങളായിട്ട് അതും കൊടുക്കാൻ സാധിച്ചിട്ടില്ല. തൊഴിലാളികൾ 8-7-2005-ന് ആർ. ഡി. ഒ. ഓഫീസിലേക്ക് മാർച്ച് നടത്തിയിരുന്നു. 27/2005 മുതൽ എസ്റ്റേറ്റിലെ പ്രവർത്തനം പൂർണ്ണമായി നിലച്ചിട്ടുണ്ട്. അവിടെ സാമ്പത്തികമായി ബുദ്ധിമുട്ടുകൾ വന്നതിനെത്തുടർന്ന് ഈ എസ്റ്റേറ്റിന്റെ പ്രവർത്തനം ബുദ്ധിമുട്ടേറിയ സാഹചര്യത്തിലാണ് നീങ്ങുന്നത്. അവിടെ ഒരു തൊഴിലാളിയുടെ മരണത്തെ സംബന്ധിച്ചുള്ള അടിയന്തിര പ്രമേയം കിട്ടിയ സമയത്ത് ഞാൻ അതിനെക്കുറിച്ച് അന്വേഷിച്ചു. ഇതുവരെ പോലീസിൽ പരാതിയൊന്നും കിട്ടിയിട്ടില്ല. അതിനെക്കുറിച്ച് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly